പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **3268** **29. 01. 2014** - ലെ മറുപടി

<u>ഗൾഫ് തൊഴിലാളികൾക്കുള്ള പരിശീലന പരിപാടി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. കെ.എൻ.എ. ഖാദർ</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ഗൾഫ് നാട്ടുകളിൽ പണിയെടുക്കുന്ന മലയാളികളുടെ യഥാർത്ഥ കണക്ക് വ്യക്തമാക്കാമോ;<br><br>(ബി) ഗൾഫ് മലയാളികളുടെ ജോലി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഉതകുന്ന തരത്തിലുള്ള കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; | (എയും ബിയും)ഗൾഫ് നാട്ടുകളിൽ പണിയെടുക്കുന്ന മലയാളികളുടെ വ്യക്തമായ കണക്ക് ഈ വകുപ്പിൽ ലഭ്യമല്ല. എന്നാൽ 2013 - ലെ ആറാമത് സാമ്പത്തിക സെൻസസിനോടൊപ്പം എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് നടത്തിയ പ്രവാസി സർവ്വേ പ്രകാരം 12,85,457 മലയാളികൾ ഗൾഫ് നാട്ടുകളിൽ പണിയെടുക്കുന്നതായാണ് വിവരം ലഭിച്ചിട്ടുള്ളത്. ഇതിനോടൊപ്പം ഗൾഫ് മലയാളികളുടെ ജോലി സംബന്ധിച്ച വിവരവും ശേഖരിച്ചിട്ടുണ്ട് |
| (സി) ഗൾഫിലേയ്ക്കും മറ്റ് വിദേശ രാജ്യങ്ങളിലേയ്ക്കും ജോലി തേടിപ്പോകാൻ ആഗ്രഹിക്കുന്ന അവിദഗ്ധരും വിദ്യാഭ്യാസം കുറവുള്ളവരുമായ മലയാളി യുവാക്കൾക്ക് പ്രയോജനപ്പെടുന്ന ഹ്രസ്വകാല സൗജന്യ പരിശീലന പരിപാടികൾ നടപ്പിലാക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ? | (സി) ഈ വകുപ്പിന് കീഴിൽ നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കുന്ന തൊഴിൽ നൈപുണ്യ വൈദഗ്ധ്യ പരിശീലന പരിപാടിയിലൂടെ വിദേശരാജ്യങ്ങളിലേക്ക് ജോലി തേടിപ്പോകാൻ ആഗ്രഹിക്കുന്ന അവിദഗ്ധരും വിദ്യാഭ്യാസം കുറവുള്ളവരുമായ മലയാളി യുവാക്കൾക്ക് പ്രയോജനപ്പെടുന്ന ഹ്രസ്വകാല പരിശീലന പരിപാടി സൗജന്യനിരക്കിൽ ജില്ലകൾതോറും സംഘടിപ്പിച്ചുവരുന്നുണ്ട്. സാങ്കേതിക മികവ്, ആശയവിനിമയ പാടവം, നിയമനടപടികൾ, വിസ, തൊഴിൽകരാർ, കുടിയേറ്റം എന്നിവ സംബന്ധിച്ചുള്ള ബോധവല്ക്കരണവും ഈ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ